# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5693 18/11/2019-ൽ മറുപടിയ്ക്ക്**

## ശിശുക്ഷേമ സമിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.അൻവർ സാദത്ത് | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) ശിശുക്ഷേമ സമിതിയിലെ അംഗങ്ങളെയും ഭാരവാഹികളെയും തെരഞ്ഞെടുക്കുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും<br>ബാലനീതി മാതൃകാ ചട്ടം 2016 ചട്ടം 87 പ്രകാരം ചൈൽഡ് വെൽഫയർ കമ്മിറ്റി അംഗങ്ങളെ തെരെഞ്ഞെടുക്കുന്നതിന് ഹൈക്കോടതിയിലെ റിട്ടയേർഡ് ജഡ്ജി ചെയർപേഴ്സണായി താഴെപ്പറയുന്നവർ ഉൾപ്പെട്ട ഒരു സെലക്ഷൻ കമ്മിറ്റിയെ സർക്കാർ നിയമിക്കണം.<br>i) ബാലനീതി നിയമം നടപ്പാക്കുന്ന വകുപ്പിലെ ഡയറക്ടർ റാങ്കിൽ കുറയാത്ത ഒരു പ്രതിനിധി - മെമ്പർ സെക്രട്ടറി<br>ii) ശിശുസംരക്ഷണ /വികസന രംഗങ്ങളിൽ കുറഞ്ഞത് 7 വർഷത്തെ പരിചയമുള്ളതും എന്നാൽ ഏതെങ്കിലും ചിൽഡ്രൻസ് ഹോം നടത്താത്തതുമായ രണ്ട് എൻ.ജി.ഒ കളിൽ നിന്നുള്ള രണ്ട് പ്രതിനിധികൾ<br>iii) യൂണിവേഴ്സിറ്റി/ അക്കാഡമിക് ബോഡിയുടെ 2 പ്രതിനിധികൾ<br>iv) സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിന്നുള്ള ഒരു പ്രതിനിധി<br>ഈ സെലക്ഷൻ കമ്മിറ്റി, വകുപ്പിന്റെ വെബ് സൈറ്റിലൂടെയും പ്രാദേശിക - ദേശീയ പത്രമാധ്യമങ്ങളിലൂടെയും പരസ്യം നൽകി അപേക്ഷ ക്ഷണിച്ച്, പ്രസ്തുത അപേക്ഷകൾ പരിശോധിച്ച്, അഭിമുഖം നടത്തി മെരിറ്റടിസ്ഥാനത്തിൽ ഒരു തസ്തികയ്ക്ക് 3 പേരുടെ പേര് നാമനിർദ്ദേശം ചെയ്ത് ഒരു പാനൽ തയ്യാറാക്കി സംസ്ഥാന സർക്കാരിന് സമർപ്പിക്കണം. ഇതിൽ നിന്ന് അംഗങ്ങളെ തെരെഞ്ഞെടുത്ത് ഗസറ്റ് വിജ്ഞാപനം വഴി കമ്മിറ്റി രൂപീകരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | ശിശുക്ഷേമസമിതിയിലേക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് വേണ്ടിയുള്ള സെലക്ഷൻ ബോഡിയിലെ അംഗങ്ങൾ ആരൊക്കെയാണ് എന്ന് അറിയിക്കുമോ; | | |
| (സി) | സെലക്ഷൻ ബോഡിയുടെയും ശിശുക്ഷേമസമിതിയുടെയും കാലാവധി എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | 3 വർഷം |
| (ഡി) | ശിശുക്ഷേമസമിതിയുടെ ജുഡീഷ്യൽ നടപടികളിൽ സർക്കാരിന് ഇടപെടാൻ അവകാശമുണ്ടോ; അറിയിക്കുമോ; | (ഡി) | ബാലനീതി നിയമം 2015 സെക്ഷൻ 101 പ്രകാരം ശിശുക്ഷേമ സമിതിയുടെ ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, ആഫ്റ്റർ കെയർ എന്നിവയൊഴികെയുള്ള തീരുമാനങ്ങളിൽ അപ്പീലുകൾ ബന്ധപ്പെട്ട കോടതിയും ഫോസ്റ്റർ കെയർ, സ്പോൺസർഷിപ്പ്, ആഫ്റ്റർ കെയർ എന്നിവ സംബന്ധിച്ച തീരുമാനങ്ങളുടെ അപ്പീൽ, ജില്ലാ മജിസ്ട്രേറ്റുമാണ് പരിശോധിക്കേണ്ടത്. |
| (ഇ) | ശിശുക്ഷേമസമിതിയെ തെരഞ്ഞെടുക്കുന്നതും അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് പുതിയ ഭേദഗതികൾ ജുവനൈൽ ജസ്റ്റിസ് ആക്ടിൽ വന്നിട്ടുണ്ടോ; എങ്കിൽ ഏത് വർഷമെന്ന് അറിയിക്കാമോ; | (ഇ) | ജുവനൈൽ ജസ്റ്റീസ് ആക്ട് 2000 റദ്ദാക്കി , ജുവനൈൽ ജെസ്റ്റീസ് ആക്ട് 2015 ( Act 2 of 2016 ), 15 .01 .2016 മുതൽ നിലവിൽ വന്നു. |
| (എഫ്) | മേൽ വിഷയവുമായി ബന്ധപ്പെട്ട് ജുവനൈൽ ജസ്റ്റിസ് ആക്ടിന്റെ പഴയ ക്ലോസ് എന്തായിരുന്നു; ഭേദഗതിക്ക് ശേഷം ക്ലോസിൽ വന്നിട്ടുള്ള വ്യത്യാസമെന്ത്; വ്യക്തമാക്കാമോ? | (എഫ്) | ജുവനൈൽ ജസ്റ്റീസ് ആക്ട് 2000 – ലെ സെക്ഷൻ 29 ലാണ് ചൈൽഡ് വെൽഫെയർ കമ്മിറ്റിയെ തിരഞ്ഞെടുക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളത്. പ്രസ്തുത സെക്ഷൻ പ്രകാരം ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർപേഴ്സൺ/ മെമ്പർമാർ എന്നിവരുടെ യോഗ്യതകൾ, സേവന കാലാവധി എന്നിവ നിഷ്കർഷിക്കും പ്രകാരമായിരിക്കും എന്നാണ് പ്രതിപാദിച്ചി–ട്ടുള്ളത്. ജെ.ജെ. ആക്ട് 2015 – ലെ സെക്ഷൻ 27 – ലാണ് ഇക്കാര്യങ്ങൾ പ്രതിപാദിച്ചിട്ടുള്ളത് . പുതിയ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം കുട്ടികളുടെ ആരോഗ്യം, വിദ്യാഭ്യാസം, ക്ഷേമം എന്നീ മേഖലകളിൽ കുറഞ്ഞത് |

വർഷമെങ്കിലും സജീവമായി ഇടപെട്ടവരോ, ചൈൽഡ് സൈക്കോളജി/സൈക്യാട്രി/ നിയമം/സോഷ്യൽ വർക്ക് / സോഷ്യോളജി/ ഹ്യൂമൻ ഡെവലപ്മെന്റ് എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും ബിരുദമുള്ള പ്രാക്ടീസിലുള്ള പ്രൊഫഷണലോ ആയിരിക്കണം. 3 വർഷത്തിൽ കൂടുതൽ ചൈൽഡ് വെൽഫയർ കമ്മിറ്റി അംഗമായി നിയമിക്കപ്പെടാൻ പാടില്ല.

സെക്ഷൻ ഓഫീസർ